'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽപരിശോധന - ജീവനക്കാർ ക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2859/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/12/2019

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 10.11.2017 തീയതിയിലെ ഇ5(എസ്.സി 03/17/ഇആർകെ) 20477/17നമ്പർ കത്ത്

2 18.04.2018തീയതിയിലെ ഇയു2-119/2018/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 19.06.2019തീയതിയിലെ വി1-9665/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതികൾ കണ്ടെത്തുന്നതിനായി സംസ്ഥാനവ്യാപകമായി വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി ചങ്ങനാശ്ശേരി നഗരസഭയിൽ 04.03.2017- ന് നടന്ന വിജിലൻസ് പരിശോധനയിൽ ഓടാത്ത വാഹനങ്ങൾക്ക് ഇന്ധനം നിറച്ചിട്ടുള്ളതായും നിയമാനുസരണം നികുതി പിരിക്കാത്തത് മൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ലെ ശുപാർശ പ്രകാരം ചങ്ങനാശ്ശേരി നഗരസഭയിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള

കുറ്റാരോപണ മെമ്മോ/പത്രിക നൽകിയി രുന്നു .

i. ശ്രീമതി എൽ . സുശീല – റവന്യൂ ഓഫീസർ ഗ്രേഡ് –2
ii. ശ്രീ തൗഫിക് പി . ഇസ്മായിൽ – ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് –1
iii. ശ്രീ കെ . രാജീവ് – ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് –2
iv. ശ്രീ കെ . ജയകുമാർ – ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് –2
v. ശ്രീ രാജൻ വി . എബ്രഹാം – ഹെൽത്ത് സൂപ്പർവൈസർ
vi. ശ്രീ കെ . എം . സെയ്നുദ്ദീൻ – ഹെൽത്ത് ഇൻസ്പെക്ടർ
vii. ശ്രീ പി . ലാൽ പ്രമോദ് – റവന്യൂ ഇൻസ്പെക്ടർ
viii. ശ്രീ എസ് . കെ . ശ്യാം – റവന്യൂ ഇൻസ്പെക്ടർ
ix. ശ്രീമതി എസ് . എം . റാബിയ – ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് –2

2. കുറ്റാരോപണ മെമ്മോക്ക് ടി ജീവനക്കാർ ലഭ്യമാക്കിയ മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ചങ്ങനാശ്ശേരി നഗരസഭയിലെ ആരോഗ്യവിഭാഗം കാര്യക്ഷമമായിരുന്നില്ല എന്ന് കണ്ടെത്തൽ ഗൗരവമായി കാണുന്നതും കനാലുകളുടേയും തോടുകളുടേയും ശുചീകരണത്തിലുണ്ടായിട്ടുള്ള അനാസ്ഥയും ഉപേക്ഷയും ന്യായീകരണങ്ങൾക്ക് നിരക്കുന്നതുമല്ല . ശ്രീ കെ . എം സൈനുദ്ദീൻ , ശ്രീ രാജൻ വി.എബ്രഹാം, ശ്രീ.കെ.രാജീവ്, എന്നിവർ ആയതിന് ഉത്തരവാദികളായി കണ്ടെത്തിയിരിക്കുന്നു. എന്നാൽ ടിയാളുകൾ വിശദമായ മറുപടി ലഭ്യമാക്കിയിട്ടുള്ളതും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രമിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടുള്ളതുമാണ്. 16 തോടുകൾ ഉള്ളതിൽ 2 തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ എന്ന വിജിലൻസ് റിപ്പോർട്ടിന്റെ പരാമർശത്തിന് ടി മറുപടികൾ തൃപ്തികരമല്ലായെങ്കിലും കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കാതിരുന്നത് ടി ജീവനക്കാരുടെ പരിധിയിൽ മാത്രം ഒതുങ്ങുന്ന വിഷയമല്ലാത്തതിനാൽ പ്രോജക്ടുതുക ചെലവഴിച്ചതു സംബന്ധിച്ച ടിയാളുടെ മറുപടികൾ പരിഗണിച്ച് തുടർന്നുള്ള അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു .

4. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിയമാനുസരണം ഈടാക്കേണ്ട പെർമിറ്റ് ഫീസ് ഈടാക്കുന്നില്ലെന്നും നിയമാനുസരണം നികുതി പിരിക്കാത്തതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിച്ചുവെന്നുമുള്ള ആരോപണങ്ങൾക്ക് റവന്യൂ ഓഫീസറായ ശ്രീമതി എൽ .സുശീലയും റവന്യൂ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ

എസ്.കെ.ശ്യാം, ശ്രീ ലാൽ പ്രമോദ് എന്നിവരും വിശദമായ മറുപടി നൽകിയിരുന്നു. എന്നാൽ നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നികുതി പിരിവ് സംബന്ധിച്ച ചുമതലകൾ റവന്യൂഓഫീസർക്കും, റവന്യൂഇൻസ്പെക്ടർ മാർക്കും ഉണ്ടായിരുന്നതും പരസ്യബോർഡുകൾക്ക് പെർമിറ്റ് നൽകിയിട്ടില്ലാത്തതും ഫീസ് ഈടാക്കിയിട്ടില്ലാത്തതുമാണ്. എന്നാൽ വിവിധ പെർമിറ്റുകൾ/ലൈസൻസുകൾ നൽകുന്ന തിനുള്ള അധികാരം മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തിട്ടുള്ളതാണെന്നും പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകവകാശം സ്വകാര്യ വ്യക്തിക്ക് ലേലം ചെയ്ത് നൽകിയിരുന്നെന്നും ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടില്ലെന്നും നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . കൂടാതെ ശ്രീമതി എൽ . സുശീല 31.05.2017- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ് . ടി സാഹചര്യത്തിൽ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ശ്രീ എസ് .കെ.ശ്യാം , ശ്രീ ലാൽ പ്രമോദ് എന്നിവർക്ക് ലഘു ശിക്ഷ നൽകാവുന്നതും വിരമിച്ചിട്ടുള്ളതിനാൽ മാനുഷിക പരിഗണന നൽകി ശ്രീ എൽ.സുശീലയ്ക്കെതിരെയുള്ള അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതു മാണ് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു .

5. വാഹനങ്ങളിൽ ഡീസൽ നിറച്ചിട്ടുള്ളതിൽ കൃത്രിമം കാണിച്ചുവെന്ന ആരോപണത്തിൽ കഴമ്പില്ലായെന്ന് ശ്രീ തൗഫീക്ക് പി. ഇസ്മായിൽ, ശ്രീമതി എസ്.എം.റാബിയ, ശ്രീ.കെ. ജയകുമാർ എന്നിവർ മറുപടി നൽകിയിരുന്നു. എന്നാൽ വാഹന നമ്പരുകൾ മാറി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതും ലോഗ് ബുക്ക് യഥാവിധി പരിപാലിക്കാതെയിരുന്നതും ന്യായീകരിക്കാവുന്നതല്ലായെന്നും വിജിലൻസ് പരിശോധനാ സമയത്ത് യഥാസമയം ലോഗ് ബുക്ക് ലഭ്യമാക്കാൻ കഴിയാത്തതും , എൻട്രികൾ വരുത്തുന്നതിൽ അപാകതകൾ വന്നിട്ടുള്ളതും ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാകയാൽ ശ്രീ തൗഫിക്ക് പി . ഇസ്മായിൽ , ശ്രീമതി എസ്. എം . റാബിയ , ശ്രീ കെ . ജയകുമാർ എന്നിവർക്ക് ലഘുശിക്ഷകൾ നൽകാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും ആരോപണത്തിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഹെൽത്ത് വിഭാഗം ജീവനക്കാരായ ശ്രീ.കെ.എം സൈനുദ്ദീൻ, ശ്രീ.രാജൻ.വി.എബ്രഹാം,ശ്രീ.കെ.രാജീവ് എന്നിവരുടെ മറുപടി അംഗീകരിക്കാവുന്നതാ ണെന്നും റവന്യൂ ഓഫീസർ ഗ്രേഡ് –2 ആയിരുന്ന ശ്രീമതി എൽ .സുശീലയുടെ ഭാഗത്തും ആരോപണവിഷയത്തിൽ മനപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി കാണുന്നില്ലായെന്നും കണ്ടെത്തിയിരുന്നു. എന്നാൽ ശ്രീ എസ് . കെ ശ്യാം , ശ്രീ ലാൽ പ്രമോദ് , ശ്രീ തൗഫിക്ക് പി . ഇസ്മായിൽ, ശ്രീമതി

എസ്.എം. റാബിയ, ശ്രീ കെ.ജയകുമാർ എന്നിവർക്കെതിരായ ആരോപണത്തിൽ ടിയാളുകളുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിൽ മനപൂർവ്വമല്ലാത്ത വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

7. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഉദ്യോഗസ്ഥരായ ശ്രീ രാജൻ വി.എബ്രഹാം( ഹെൽത്ത് സൂപ്പർവൈസർ ), ശ്രീ.കെ.എം. സെയ്ദുദ്ദീൻ ( ഹെൽത്ത് ഇൻസ്പെക്ടർ ), ശ്രീ കെ. രാജീവ്( ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2) ശ്രീമതി എൽ.സുശീല(റവന്യൂ ഓഫീസർ ഗ്രേഡ് -2) എന്നിവർക്കെതിരായ അച്ചടക്കനടപടിൽ തുടർനടപടികൾ ഒഴിവാക്കിയും, ശ്രീ തൗഫിക് പി.ഇസ്മായിൽ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1) ശ്രീ കെ.ജയകുമാർ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2), ശ്രീമതി എസ്.എം.റാബിയ( ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 ), ശ്രീ പി. ലാൽ പ്രമോദ് (റവന്യൂ ഇൻസ്പെക്ടർ) ശ്രീ എസ് .കെ.ശ്യാം (റവന്യൂ ഇൻസ്പെക്ടർ) എന്നിവർക്ക് ലഘുശിക്ഷയായ താക്കീത് നൽകിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ്(ഡി) വകുപ്പ്

( 05.09.2019 തീയതിയിലെ VIG-D1/556/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ